"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ്-ജീവനക്കാര്യം-ബീറ്റ് ഫോറസ്റ്റ് ഓഫീസർ ശ്രീ.എ.അനിലാലിന്റെ മകളുടെ കോക്ലിയർ ഇംപ്ലാന്റേഷൻ ചികിത്സയ്ക്കായി അനുവദിച്ചിരുന്ന പലിശരഹിത വായ്പ തുക ക്രമീകരിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.453/2022/F&WLD തീയതി,തിരുവനന്തപുരം, 25-10-2022.

---

പരാമർശം:- 1. 25.11.2020 ലെ സ.ഉ.(സാധാ) നം.287/2020/വനം നമ്പർ ഉത്തരവ്.

2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 05.02.2022 ലെ (എൽ.ഡിസ്) എം ആർ 1-28209/2021/ആ.വ.ഡ നമ്പർ കത്ത്.

3. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 01.06.2022 ലെ എച്ച്2/2199/2020 നമ്പർ കത്ത്.

<u>ഉത്തരവ്</u>

മറയൂർ ഡിവിഷനിലെ കാന്തല്ലൂർ റേഞ്ചിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസറായി സേവനമനുഷ്ഠിക്കുന്ന ശ്രീ.എ.അനിലാലിന്റെ മകളുടെ കോക്ലിയർ ഇംപ്ലാന്റേഷൻ ചികിത്സയ്ക്കായി 5,50,000/- രൂപ പലിശരഹിത വായ്പ അനുവദിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ടിയാന്റെ മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് അപേക്ഷ പരിശോധിച്ച് 5,50,000/- രൂപ അനുവദനീയമാണെന്ന് പരാമർശം (2) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ടിയാന്റെ പലിശരഹിത വായ്പ ക്രമീകരിച്ച് ഉത്തരവാകണമെന്ന് പരാമർശം (3) പ്രകാരം ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ശിപാർശ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം പരിശോധിക്കുകയുണ്ടായി. വനം വന്യജീവി വകുപ്പിൽ, മറയൂർ ഡിവിഷനിലെ കാന്തല്ലൂർ റേഞ്ചിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസറായി സേവനമനുഷ്ഠിക്കുന്ന ശ്രീ.എ.അനിലാലിന്റെ മകൾക്ക് തിരുവനന്തപുരം കിംസ് ആശുപത്രിയിൽ കോക്ലിയർ ഇംപ്ലാന്റേഷൻ ചികിത്സയ്ക്കായി 23.12.2020-25.01.2021 കാലയളവിൽ ആകെ ചെലവായ തുകയിൽ, ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയമെന്ന് അറിയിച്ചിരിക്കുന്ന തുകയായ 5,50,000/- രൂപ (അഞ്ച് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) സ.ഉ.(സാധാ)നം.287/2020/വനം, തീയതി : 25.11.2020 നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ച 5,50,000/- രൂപയുടെ പലിശരഹിത ചികിത്സാ വായ്പയിൽ ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലിയാ ലത്തീഫ് എ
അണ്ടർ സെക്രട്ടറി.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം. (

ബില്ലുകളുടെ യഥാർത്ഥ പ്രതികൾ സഹിതം).

ശ്രീ.എ.അനിലാൽ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ.(അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.

ധനകാര്യവകുപ്പ്. (11.10.2022ലെ 1568195/ലോൺസ്-എൽ3/319/2020-ധന പ്രകാരം).

വെബ് & ന്യൂ മീഡിയ.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Noushad S
Date: 26-10-2022 10:44:18
സെക്ഷൻ ഓഫീസർ.